# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 974    05.03.2020 ൽ മറുപടിക്ക്**

**റോഡുകളിലെ കുഴികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. അനിൽ അക്കര** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ റോഡുകളിൽ പലതും അപകടകരമായ വിധത്തിൽ കുഴികൾ രൂപപ്പെട്ട് യാത്രക്കാർക്ക് ഭീഷണിയാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;<br><br>ബി) 2019-ൽ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുണ്ടോ;<br><br>സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുന്നതിനും അത് സുരക്ഷിതമാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | എ)<br>ബി)<br>&<br>സി) | ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ തുടങ്ങിയ വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ സ്ഥാപിക്കുന്നത് മുഖേന പൊതുമരാമത്ത് റോഡുകളിൽ കുഴികൾ രൂപപ്പെട്ട് അപകടങ്ങൾ ഉണ്ടാകുന്നത് സർക്കാർ ഗൗരവമായി പരിശോധിക്കുകയും സ.ഉ(സാധാ) നം. 30/2018/പൊ.മ.വ തീയതി 05.01.2018, സ.ഉ(സാധാ)നം. 1321/2018/പൊ.മ.വ തീയതി 24.08.2018 പ്രകാരവും തുടർന്നും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കാൽനട യാത്രക്കാർക്കുള്ള സുരക്ഷ ഉറപ്പു വരുത്തുന്നതിനായി, സ്ഥല ലഭ്യത അനുസരിച്ച് പ്രത്യേക നടപ്പാത പ്രധാന റോഡുകളിൽ നടപ്പാക്കി വരുന്നു.<br><br>പൊതുമരാമത്ത് നിരത്തുകൾ, ദേശീയപാത ആർ.ബി.ഡി.സി.കെ, കെ.എസ്.റ്റി.പി വിഭാഗങ്ങൾക്കു കീഴിൽ റോഡുകളിലെ കുഴികൾ സമയബന്ധിതമായി അടയ്ക്കുന്നതിനും അപകട സാധ്യത ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2019-ൽ സംസ്ഥാനത്തെ റോഡുകളിലെ കുഴികളിൽ വീണ് ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് പൊതുമരാമത്ത് വകുപ്പിന്റെ കൈവശമില്ല. |

സെക്ഷൻ ഓഫീസർ